ഉത്തരം

(എ) 69

(ബി) 17.

(സി) ഇല്ല

(ഡി) കംപ്യൂട്ടർവൽക്കരണം പൂർത്തിയാകുന്നതു വരെ പുതിയതായി വൺമാൻ ട്രഷറികൾ ഒന്നും തന്നെ പ്രവർത്തിക്കേണ്ട എന്നാണ് സർക്കാർ തീരുമാനം.

28 (1760) കായംകുളം മണ്ഡലത്തിലെ ഏകാംഗ ട്രഷറികൾ

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ അനുവദിച്ച ഏകാംഗ ട്രഷറികളിൽ പ്രവർത്തനം ആരംഭിക്കാത്തത് ഏതൊക്കെയാണ്;

(ബി) ഇവ ഉടനെ ആരംഭിക്കുവാൻ ഉത്തരവ് നൽകുമോ;

(സി) ഇപ്പോൾ കായംകുളം മണ്ഡലത്തിൽ നിലവിലുള്ള ട്രഷറികൾ ഏതൊക്കെയാണ്;

(ഡി) ഈ ട്രഷറികളിൽ സ്റ്റാഫിന്റെ കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര വീതം കുറവുണ്ട്;

(ഇ) ഇവിടങ്ങളിൽ നിലവിലുള്ള സ്റ്റാഫിന്റെ വിശദവിവരം നൽകുമോ?

ഉത്തരം

(എ)-(സി) പത്തിയൂർ പഞ്ചായത്ത്
കണ്ടല്ലൂർ പഞ്ചായത്ത്
കൃഷ്ണപുരം പഞ്ചായത്ത്

കംപ്യൂട്ടർ വൽക്കരണം പൂർത്തിയാകുന്നതുവരെ പുതിയ ഏകാംഗ ട്രഷറികളുടെ പ്രവർത്തനം മാറ്റിവെക്കേണ്ടതാണ് എന്നാണ് സർക്കാർ തീരുമാനം.

കായംകുളം സബ് ട്രഷറി.

(ഡി) ഇല്ല.

(ഇ)
1. സബ്ട്രഷറി ആഫീസർ -1
2. ജൂനിയർ സൂപ്രണ്ട് -1
3. സെലക്ഷൻ ഗ്രേഡ് (അക്കൗണ്ടന്റ്/ ജൂനിയർ/സീനിയർ) അക്കൗണ്ടന്റ്/ അക്കൗണ്ടന്റ് - 7
4. ട്രഷറർ - 1
5. ടൈപ്പിസ്റ്റ് - 1
6. പ്യൂൺ - 2
7. പാർട്ട്ടൈം സ്വീപ്പർ - 1

LIBRARY ARCHIVES Kerala Legislative Assembly